**മധുരമായ കുട്ടികളേ - ഇപ്പോൾ തിരികെ പോകണം അതിനാൽ പഴയ ദേഹത്തിൽ നിന്നും പഴയ ലോകത്തിൽ നിന്നും ഉപരിയായിരിക്കൂ, തന്റെ ബാറ്ററി ചാർജ് ചെയ്യുന്നതിന് വേണ്ടി യോഗ ഭട്ഠിയിൽ ഇരിക്കൂ.**

**ചോദ്യം:-** യോഗം ചെയ്യുമ്പോൾ ഏത് കുട്ടികൾക്കാണ് ബാബയുടെ കറന്റ് പൂർണ്ണമായും ലഭിക്കുന്നത്?
**ഉത്തരം:-** ബുദ്ധി വെളിയിൽ അലയാത്തവർക്ക്. സ്വയം ആത്മാവെന്ന് മനസിലാക്കി ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു, അവർക്ക് ബാബയുടെ കറന്റ് ലഭിക്കുന്നു. ബാബ കുട്ടികൾക്ക് സകാശ് നൽകുന്നു. ബാബയുടെ കറന്റ് പിടിച്ചെടുക്കുക എന്നതാണ് കുട്ടികളുടെ ജോലി, കാരണം ആ കറന്റിൽ നിന്ന് തന്നെയാണ് ആത്മാവാകുന്ന ബാറ്ററി ചാർജാകുന്നത്, ശക്തി ലഭിക്കുന്നത്, വികർമ്മം വിനാശമാകുന്നത്. ഇതിനേ തന്നേയാണ് യോഗാഗ്നി എന്ന് പറയുന്നത്, ഇതിന്റെ അഭ്യാസം ചെയ്യണം.

**ഓം ശാന്തി**. ഭഗവാൻ ഉച്ചരിക്കുന്നു. ഇപ്പോൾ കുട്ടികൾക്ക് വീടും ഓർമ്മ വരുന്നു. ബാബ വീടിന്റേയും രാജധാനിയുടേയും കാര്യം കേൾപ്പിക്കുന്നു, ഞങ്ങൾ ആത്മാക്കളുടെ വീട് ഏതാണ് എന്ന് കുട്ടികളും മനസിലാക്കുന്നു. ആത്മാവ് എന്താണ്? ബാബ വന്ന് ഞങ്ങളേ പഠിപ്പിക്കുന്നു എന്നും നല്ല രീതിയിൽ മനസിലാക്കുന്നു. ബാബ എവിടേ നിന്ന് വരുന്നു? പരംധാമിൽ നിന്ന്. പാവനമായ ലോകമാക്കുന്നതിന് ഏതെങ്കിലും പാവന ലോകത്ത് നിന്നും വരും എന്ന് പറയില്ല. ഇല്ല, ബാബ പറയുന്നു ഞാൻ സത്യയുഗീ പാവന ലോകത്ത് നിന്നും വരുന്നില്ല, ഞാൻ വീട്ടിൽ നിന്ന് വരുന്നു, നിങ്ങൾ കുട്ടികൾ പാർട്ടഭിനയിക്കാനായി വന്ന വീട്ടിൽ നിന്ന്. ഞാനും ഡ്രാമയനുസരിച്ച് ഓരോ 5000 വർഷത്തിന് ശേഷവും വീട്ടിൽ നിന്ന് വരുന്നു. ഞാൻ വസിക്കുന്നതും വീട്ടിലാണ്, പരംധാമിൽ. ബാബ പട്ടണത്തിൽ വന്നു എന്നത് പോലെ സഹജമാണ് ബാബ മനസിലാക്കി തരുന്നതും. നിങ്ങൾ പാർട്ടഭിനയിക്കാൻ വന്നത് പോലെ ഞാനും പാർട്ടഭിനയിക്കുന്നതിന് അവിടേ നിന്നും വരുന്നു, ഡ്രാമാ പ്ലാനനുസരിച്ച്. ഞാൻ ജ്ഞാനസാഗരനാണ്. ഡ്രാമാ പ്ലാനനുസരിച്ച് ഞാൻ എല്ലാ കാര്യങ്ങളും അറിയുന്നു.

കൽപ്പ കൽപ്പം ഞാൻ ഇതേ കാര്യങ്ങൾ നിങ്ങളേ കേൾപ്പിക്കുന്നു. നിങ്ങൾ കാമചിതയിൽ കയറി കറുത്ത് ഭസ്മമായി തീരുമ്പോൾ ഞാൻ വരുന്നു. തീയിൽ മനുഷ്യർ കറുത്ത് പോകുന്നു. നിങ്ങളും കറുത്ത് പോയി. സതോപ്രധാനമായ ശക്തിയെല്ലാം നഷ്ടപ്പെട്ടുപോയി. ആത്മാവിന്റെ ബാറ്ററി പൂർണ്ണമായും തീർന്ന് മോട്ടോർ നിന്ന് പോകുന്നില്ല. ഇപ്പോൾ എല്ലാവരുടെ ബാറ്ററിയും ഡിസ്ചാർജാകുന്ന സമയം വന്നിരിക്കുന്നു, അപ്പോൾ ബാബ പറയുന്നു ഞാൻ ഡ്രാമയനുസരിച്ച് വരുന്നു, ആരാണോ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ അവരുടെ ബാറ്ററി ചാർജാകുന്നു ഇപ്പോൾ നിങ്ങളുടെ ബാറ്ററി തീർച്ചയായും ചാർജാകും. രാവിലെ ഇവിടെ വന്നിരിക്കുമ്പോൾ മാത്രം ബാറ്ററി ചാർജാകും എന്നല്ല. അല്ല, ഓർമ്മയിലിരിക്കുന്നത് കാരണം നടക്കുമ്പോഴും, ഇരിക്കുമ്പോഴും, നിൽക്കുമ്പോഴും എല്ലാം ബാറ്ററി ചാർജാകും. നിങ്ങൾ ആദ്യം പവിത്ര ആത്മാക്കൾ സതോപ്രധാനമായിരുന്നു. പരിശുദ്ധമായ സ്വർണം, പരിശുദ്ധമായ ആഭരണവും ആയിരുന്നു. ഇപ്പോൾ തമോപ്രധാനമായി. ഇപ്പോൾ ആത്മാവ് വീണ്ടും സതോപ്രധാനമാകുന്നു അതിനാൽ ശരീരവും പവിത്രമായത് ലഭിക്കുന്നു. വളരെ സഹജമായി പവിത്രമാകുന്നതിന് ഭട്ഠിയുണ്ട്, ഇതിനേ യോഗ ഭട്ഠി എന്നും പറയുന്നു. സ്വർണത്തേയും ഭട്ഠിയിൽ (ചൂളയിൽ) ഇടുന്നു. ഇത് സ്വർണത്തേ ശുദ്ധമാക്കുന്നതിനുള്ള ഭട്ഠിയാണ്, ബാബയേ ഓർമ്മിക്കുന്നതിനുള്ള ഭട്ഠി. തീർച്ചയായും പരിശുദ്ധമാകണം. ഓർമ്മിക്കുന്നില്ലെങ്കിൽ അത്രയും പരിശുദ്ധമാകില്ല. പിന്നീട് കണക്കുകൾ തീർക്കുക തന്നെ വേണം കാരണം കണക്കെടുപ്പിന്റെ സമയമാണ്. എല്ലാവർക്കും വീട്ടിൽ പോകണം. ബുദ്ധിയിൽ വീടിന്റെ ഓർമ്മയുണ്ട്. മറ്റാരുടെ ബുദ്ധിയിലും ഉണ്ടാകില്ല. അവർ ബ്രഹ്മത്തെ ഈശ്വരൻ എന്ന് മനസിലാക്കുന്നു, അതിനെ വീട് എന്ന് മനസിലാക്കുന്നില്ല. നിങ്ങൾ ഈ പരിധിയില്ലാത്ത ഡ്രാമയിലെ അഭിനേതാക്കളാണ്, ഡ്രാമയെ നിങ്ങൾ വളരെ നല്ല രീതിയിൽ മനസിലാക്കി. ഇപ്പോൾ 84 ജന്മത്തിന്റെ ചക്രം പൂർത്തിയായി, വീട്ടിൽ പോകണം എന്ന് ബാബ മനസിലാക്കി തന്നു. ആത്മാവിപ്പോൾ പതിതമാണ്, അതിനാൽ വീട്ടിൽ പോകുന്നതിന് വേണ്ടി ബാബാ വന്ന് പാവനമാക്കൂ എന്ന് വിളിക്കുന്നു. ഇല്ലെങ്കിൽ ഞങ്ങൾക്ക് പോകാൻ സാധിക്കില്ല. ബാബ തന്നേയാണ് ഈ കാര്യങ്ങൾ കുട്ടികൾക്ക് മനസിലാക്കി തരുന്നത്. ഇതും കുട്ടികൾ മനസിലാക്കി, അപ്പോൾ ബാബാ-ബാബാ എന്ന് വിളിക്കുന്നു. ടീച്ചർ എന്നും പറയുന്നു. ആളുകൾ കൃഷ്ണനെ ടീച്ചർ എന്ന് മനസിലാക്കുന്നു. കൃഷ്ണൻ സത്യയുഗത്തിൽ പഠിച്ചിരുന്നു എന്ന് നിങ്ങൾ കുട്ടികൾ മനസിലാക്കുന്നു. കൃഷ്ണൻ ഒരിക്കലും ആരുടേയും ടീച്ചറാകുന്നില്ല. പഠിച്ച് പിന്നെ ടീച്ചറാകുന്നുമില്ല. കൃഷ്ണന്റെ കുട്ടിക്കാലം മുതൽ മുതിർന്നത് വരേയുള്ള കഥ നിങ്ങൾ

കുട്ടികൾക്ക് തന്നേയാണ് അറിയുക. ആളുകൾ കൃഷ്ണനെ ഭഗവാൻ എന്ന് മനസിലാക്കി എവിടെ നോക്കിയാലും കൃഷ്ണൻ തന്നെ കൃഷ്ണൻ എന്ന് പറയുന്നു. രാമന്റെ ഭക്തർ പറയും എവിടെ നോക്കിയാലും രാമൻ തന്നെ രാമൻ. നൂല് തന്നെ കെട്ട് പിണഞ്ഞു പോയി . ഭാരതത്തിന്റെ പ്രാചീന ജ്ഞാനവും യോഗവും പ്രശസ്തമാണെന്ന് നിങ്ങൾക്കറിയാം. ആളുകൾ ഒന്നും മനസിലാക്കുന്നില്ല. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്, ആ ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നൽകുന്നു. നിങ്ങളേയും അതിനാൽ മാസ്റ്റർ ജ്ഞാനസാഗരൻ എന്ന് പറയുന്നു, എന്നാൽ നമ്പർവാർ പുരുഷാർത്ഥമനുസരിച്ച്. സാഗരം എന്ന് പറയണോ അതോ നദി എന്ന് പറയണോ? നിങ്ങൾ ജ്ഞാനഗംഗകളാണ്, ഇതിലും ആളുകൾ ആശയക്കുഴപ്പത്തിൽ വരുന്നു. മാസ്റ്റർ ജ്ഞാനസാഗരൻ എന്ന് പറയുന്നത് തികച്ചും ശരിയാണ്.

ബാബ കുട്ടികളെ പഠിപ്പിക്കുന്നു, സ്ത്രീ പുരുഷൻ എന്ന കാര്യമൊന്നും ഇല്ല. സമ്പത്തും നിങ്ങൾ എല്ലാ ആത്മാക്കളും എടുക്കുന്നു, അതിനാൽ ബാബ പറയുന്നു ദേഹീ അഭിമാനിയാകൂ. പരമാത്മാവായ ഞാൻ ജ്ഞാനസാഗരനായത് പോലെ നിങ്ങളും ജ്ഞാനസാഗരനാണ്. എന്നെ പരമപിതാ പരമാത്മാവ് എന്ന് പറയുന്നു, എന്റെ കടമ ഏറ്റവും ഉയർന്നതാണ്. രാജാവിന്റേയും റാണിയുടേയും കടമകൾ ഏറ്റവും ഉയർന്നതല്ലേ. നിങ്ങളുടേയും വളരെ ഉയർന്നതാണ്. ഇവിടെ നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങളാത്മാക്കൾ പഠിക്കുന്നു, പരമാത്മാവ് പഠിപ്പിക്കുന്നു അതിനാൽ ദേഹീ അഭിമാനിയാകൂ. എല്ലാവരും സഹോദരരാണ്. ബാബ എത്ര പരിശ്രമിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ജ്ഞാനം എടുത്ത് കൊണ്ടിരിക്കുന്നു. പിന്നീട് അവിടെ പോകുമ്പോൾ പ്രാലബ്ധം ഉണ്ടാകുന്നു. അവിടെ എല്ലാവർക്കും സഹോദര സ്നേഹമായിരിക്കും. സഹോദര സ്നേഹം വളരെ നന്നായി വേണം. ചിലർക്ക് ബഹുമാനം നൽകുക, ചിലർക്ക് കൊടുക്കാതിരിക്കുക.... ഇങ്ങിനെയില്ല. അവർ ഹിന്ദു-മുസ്ലീങ്ങൾ സഹോദരരാണ് എന്ന് പറയുന്നു എന്നാൽ പരസ്പരം ബഹുമാനിക്കുന്നില്ല. സഹോദരനും സഹോദരിയും അല്ല, സഹോദരർ എന്ന് പറയുന്നതാണ് ശരി. സാഹോദര്യം. ആത്മാവ് ഇവിടെ പാർട്ടഭിനയിക്കുന്നതിന് വന്നിരിക്കുന്നു. അവിടേയും സഹോദരരായി വസിക്കുന്നു. വീട്ടിൽ എല്ലാവരും സഹോദരരായി വസിക്കും. സഹോദരനും സഹോദരിയും ഈ വസ്ത്രം ഇവിടെ ഉപേക്ഷിക്കണം. സഹോദരർ എന്ന ജ്ഞാനം ബാബ തന്നേയാണ് നൽകുന്നത്. ആത്മാവ് ഭൃകുടി മദ്ധ്യത്തിൽ ഇരിക്കുന്നു. നിങ്ങളുടെ ദൃഷ്ടിയും ഇവിടെ വെക്കണം. ഞങ്ങളാത്മാക്കൾ ശരീരമാകുന്ന സിംഹാസനത്തിൽ ഇരിക്കുന്നു. ഇത് ആത്മാവിന്റെ സിംഹാസനം അഥവാ അകാല സിംഹാസനമാണ്. ആത്മാവിനെ ഒരിക്കലും കാലന് വിഴുങ്ങാൻ കഴിയില്ല എല്ലാവരുടെ സിംഹാസനവും ഭൃകുടി മദ്ധ്യത്തിലാണ്. ഇതിൽ അകാല ആത്മാവിരിക്കുന്നു. എത്ര മനസിലാക്കേണ്ട കാര്യമാണ്. കുട്ടികളിലും ആത്മാവ് പ്രവേശിക്കുമ്പോൾ ഭൃകുടി മദ്ധ്യത്തിൽ ഇരിക്കുന്നു. ആ ചെറിയ സിംഹാസനം പിന്നീട് വലുതാകുന്നു. ഇവിടെ ഗർഭത്തിൽ ആത്മാവിന് കണക്കുകൾ അനുഭവിക്കേണ്ടി വരുന്നു, അപ്പോൾ ഞങ്ങൾ ഒരിക്കലും പാപാത്മാവാകില്ല എന്ന് പശ്ചാത്തപിക്കുന്നു. അര കൽപ്പം പാപാത്മാവാകുന്നു. ഇപ്പോൾ ബാബയിലൂടെ പവിത്ര ആത്മാവാകുന്നു. നിങ്ങൾ ശരീരം-മനസ്-ധനം എല്ലാം ബാബയ്ക്ക് നൽകുന്നു, ഇത്രയും ദാനം ആരും അറിയുന്നില്ല. ദാനം നൽകുന്നവനും, ദാനം എടുക്കുന്നവനും ഭാരതത്തിൽ തന്നേയാണ് വരുന്നത്. ഇവയെല്ലാം മനസിലാക്കേണ്ട മഹത്തായ കാര്യങ്ങളാണ്. ഭാരതം എത്ര അവിനാശീ ഖണ്ഢമായി തീർന്നിരിക്കുന്നു മറ്റെല്ലാം ഖണ്ഡങ്ങളും അവസാനിക്കാനുള്ളതാണ്. ഇത് ഉണ്ടാക്കിയതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ലോകർ അറിയുന്നില്ല, ഇതിനെ ജ്ഞാനം എന്ന് പറയുന്നത് നല്ലതാണ്. ജ്ഞാനം സമ്പാദ്യ മാർഗമാണ്, ഇതിലൂടെ ധാരാളം വരുമാനമുണ്ടാകുന്നു. ബാബയേ ഓർമ്മിക്കൂ, ഈ ജ്ഞാനവും നൽകുന്നു പിന്നീട് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനവും നൽകുന്നു. ഇതിൽ പരിശ്രമം വേണം. നമ്മൾ ആത്മാക്കൾക്ക് ഇപ്പോൾ തിരികെ പോകണം അതിനാൽ ഈ പഴയ ശരീരത്തിൽ നിന്നും പഴയ ലോകത്തിൽ നിന്നും വേറിട്ടിരിക്കൂ. ദേഹസഹിതം എന്തെല്ലാം കാണുന്നു അവയെല്ലാം അവസാനിക്കാനുള്ളതാണ്. ഇപ്പോൾ നമ്മൾ ട്രാൻസ്ഫറാകുന്നു. ഇത് ബാബയ്ക്ക് തന്നെയാണ് പറയാൻ സാധിക്കുക. ഇത് വളരെ വലിയ പരീക്ഷയാണ്, ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. ഇതിന് പുസ്തകത്തിന്റെയും മറ്റും ആവശ്യമില്ല ബാബയേ ഓർമ്മിക്കണം. ബാബ 84 ന്റെ ചക്രം മനസിലാക്കി തരുന്നു. ഡ്രാമയുടെ കാലാവധി ആർക്കും അറിയില്ല. ഘോരാന്ധകാരമാണ്. നിങ്ങളിപ്പോൾ ഉണർന്നു, ആളുകൾ ഉണർന്നിട്ടില്ല. നിങ്ങൾ എത്ര പരിശ്രമിക്കുന്നു, ഭഗവാൻ വന്ന് ഇവരെ പഠിപ്പിക്കുന്നു എന്ന് വിശ്വസിക്കുന്നില്ല തീർച്ചയായും ആരില്ലെങ്കിലും വരില്ലേ. ഇപ്പോൾ ബാബ ആത്മാക്കൾക്ക് നിർദ്ദേശം നൽകുന്നു - ഇങ്ങിനെ ഇങ്ങിനെ ചെയ്യൂ ആളുകൾ മനസിലാക്കും. നിങ്ങൾക്ക് സഹജമാണ്, നമ്പർവാർ തന്നെയായിരിക്കും. സ്ക്കൂളിലും നമ്പർ ക്രമമുണ്ടാകും പഠിത്തത്തിലും നമ്പർ ക്രമമുണ്ടാകും. ഈ പഠിത്തത്തിലൂടെ വലിയ രാജ്യം സ്ഥാപിതമായി കൊണ്ടിരിക്കുന്നു. നമ്മൾ രാജാവാകുന്ന പുരുഷാർത്ഥം ചെയ്യണം. ഈ സമയം നിങ്ങൾ എന്ത് പുരുഷാർത്ഥം ചെയ്യുന്നുവോ അത് കൽപ്പ കൽപ്പാന്തരം ചെയ്ത്

കൊണ്ടിരിക്കും. ഇതിനെ ഈശ്വരീയ ലോട്ടറി എന്ന് പറയുന്നു. ചിലർക്ക് കുറവ്, ചിലർക്ക് കൂടുതൽ ലോട്ടറി ലഭിക്കുന്നു. രാജ്യപദവിയുടെയും ലോട്ടറിയും ഉണ്ട്.

ആത്മാവ് ഏത് പോലെയുള്ള കർമ്മം ചെയ്യുന്നുവോ അതിനനുസരിച്ച ലോട്ടറി ലഭിക്കുന്നു. ചിലർ സമ്പന്നരാകുന്നു, ചിലർ ദരിദ്രരാകുന്നു. ഈ സമയം നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ലോട്ടറിയും ബാബയിൽ നിന്ന് ലഭിക്കുന്നു. ഈ സമയം പുരുഷാർത്ഥത്തിന് വളരെ ആധാരമുണ്ട്. നമ്പർ വൺ പുരുഷാർത്ഥം ഓർമ്മയുടേതാണ്. എങ്കിൽ ആദ്യം യോഗബലത്തിലൂടെ സ്വച്ഛമാകൂ. നമ്മൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ജ്ഞാനം ധാരണയിലുണ്ടാകുകയും ധാരാളം പേർക്ക് മനസിലാക്കി കൊടുത്ത് തന്റെ പ്രജയാക്കുകയും ചെയ്യും എന്ന് നിങ്ങൾക്കറിയാം. ഏത് ധർമ്മത്തിൽ പെട്ടവരായാലും പരസ്പരം കാണുമ്പോൾ ബാബയുടെ പരിചയം നൽകൂ. വിനാശം സമീപമെത്തിയിരിക്കുന്നു എന്ന് മുന്നോട്ട് പോകുമ്പോൾ അവർ മനസിലാക്കും. വിനാശ സമയത്ത് മനുഷ്യർക്ക് വൈരാഗ്യം വരുന്നു. നിങ്ങൾ ആത്മാവാണ് – നമ്മൾ ഇത്രയും പറഞ്ഞാൽ മതി. അല്ലയോ, ഗോഡ്ഫാദർ, ഇതാരാണ് പറഞ്ഞത്? ആത്മാവ്. ഇപ്പോൾ ബാബ ആത്മാക്കളോട് പറയുന്നു– ഞാൻ നിങ്ങളുടെ മാർഗ്ഗദർശിയായി നിങ്ങളെ മുക്തീധാമിൽ കൊണ്ട് പോകും. ആത്മാക്കൾക്ക് വിനാശം ഉണ്ടാകുന്നില്ല എന്നതിനാൽ മോക്ഷത്തിന്റെ ചോദ്യം പോലും വരുന്നില്ല. ഓരോരുത്തർക്കും അവരവരുടെ പാർട്ടഭിനയിക്കണം. ആത്മാക്കളെല്ലാം അവിനാശിയാണ്, ഒരിക്കലും വിനാശം ഉണ്ടാകുന്നില്ല. അവിടെ പോകുന്നതിന് വേണ്ടി ബാബയേ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. വീട്ടിൽ പോകും. എല്ലാവർക്കും തിരികെ പോകണം എന്ന് വലിയ വലിയ സന്യാസിമാർ പോലും അന്തിമത്തിൽ മനസിലാക്കും. നിങ്ങളുടെ സന്ദേശം എല്ലാവരുടെ ബുദ്ധിയിലും പതിഞ്ഞിരിക്കും, മഹിമ പാടാറുണ്ട്– ഹേ പ്രഭു അങ്ങയുടെ ഗതിയും മതവും..... എങ്കിൽ തീർച്ചയായും ആർക്കെങ്കിലും ഉപദേശം നൽകുമോ അതോ സ്വന്തം കൈയ്യിൽ തന്നെ വെക്കുമോ? അവരുടെ ഉപദേശത്തിലൂടെ എങ്ങിനെ സദ്ഗതി ഉണ്ടാകാനാണ്, അതിനാൽ തീർച്ചയായും പറഞ്ഞ് കൊടുക്കില്ലേ. പിന്നീട് അവർ പറയും അങ്ങയുടെ ഗതിയും മതവും അങ്ങേക്കറിയാം, ഞങ്ങൾക്കറിയില്ല. ഇതും ഒരു കാര്യമല്ലേ! ബാബ പറയുന്നു ഈ ശ്രീമത്തിലൂടെ നിങ്ങൾക്ക് ഗതിയുണ്ടാകുന്നു.

ബാബയ്ക്ക് എന്തറിയാമോ അത് ഞങ്ങളെ പഠിപ്പിക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. ഞങ്ങൾ ബാബയേ മനസിലാക്കുന്നു എന്ന് നിങ്ങൾ പറയും. നിങ്ങളുടെ ഗതിയും മതവും നിങ്ങളറിയുന്നു എന്ന് അവർ പാടുന്നു. എന്നാൽ നിങ്ങൾ അങ്ങിനെ പറയില്ല. ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഇരിക്കും, അതിനും സമയമെടുക്കും. ഇപ്പോൾ ആരും തന്നെ സമ്പൂർണമായിട്ടില്ല. സമ്പൂർണമായാൽ ഇവിടേ നിന്ന് പോകും, പോയിട്ടില്ല. ഇപ്പോൾ എല്ലാവരും പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു. ബാബയ്ക്കാദ്യം ശക്തമായ വൈരാഗ്യം വന്നു, നോക്കൂ ഇരട്ട കിരീട ധാരിയായി – ഇതും ഡ്രാമയനുസരിച്ച് ബാബ കാണിച്ച് തന്നു. ഞാൻ പെട്ടെന്ന് സന്തുഷ്ടനായി. സന്തോഷം കാരണം എല്ലാം ഉപേക്ഷിച്ചു. വിനാശവും കണ്ടു ചതുർഭുജവും കണ്ടു. ഇപ്പോൾ രാജ്യം ലഭിക്കുന്നു എന്ന് മനസിലാക്കി. അൽപ്പ ദിവസങ്ങൾക്കകം വിനാശം ഉണ്ടാകും, ഇങ്ങിനെയുള്ള ലഹരി ഉയർന്നു. രാജധാനിയുണ്ടാകും, ഇത് ശരിയാണ് എന്ന് ഇപ്പോൾ മനസിലായി. ധാരാളം പേർക്ക് രാജ്യം ലഭിക്കണം. ഞാൻ ഒരാൾ പോയി എന്ത് ചെയ്യാനാണ്. ഈ ജ്ഞാനം ഇപ്പോൾ ലഭിക്കുന്നു. ആദ്യം സന്തോഷത്തിന്റെ പടികൾ കയറി. പുരുഷാർത്ഥം എല്ലാവരും ചെയ്യണം. നിങ്ങൾ പുരുഷാർത്ഥത്തിന് വേണ്ടിയാണ് ഇരിക്കുന്നത്. അതിരാവിലെ ഓർമ്മയിലിരിക്കുന്നു. ഈ ഇരുത്തവും നല്ലതാണ്. ബാബ വന്നിരിക്കുന്നു എന്നറിയുന്നു. ബാബ വന്നോ അതോ ദാദ വന്നോ, ഇത് ശർക്കരക്കും അറിയാം ശർക്കരസഞ്ചിക്കുമറിയാം(ശിവബാബയും ബ്രഹ്മാബാബയും). ഓരോരോ കുട്ടിയേയും നോക്കിക്കൊണ്ടിരിക്കുന്നു. ഓരോരുത്തർക്കും ഇരുന്ന് സകാശ് നൽകുന്നു. യോഗാഗ്നിയല്ലേ. യോഗാഗ്നിയിലൂടെ അവരുടെ വികർമ്മം ഭസ്മമാകും. ഇരുന്ന് ലൈറ്റ് നൽകുന്നു. ഓരോരോ ആത്മാക്കൾക്കും സർച്ച് ലൈറ്റ് നൽകുന്നു. ബാബ പറയുന്നു ഞാൻ ഇരുന്ന് ഓരോ ആത്മാക്കൾക്കും കറന്റ് നൽകുന്നു അതിനാൽ ശക്തി നിറച്ച് പോകൂ. ആരുടേയെങ്കിലും ബുദ്ധി വെളിയിലാണ് എങ്കിൽ കറന്റ് പിടിച്ചെടുക്കാൻ പറ്റില്ല. ബുദ്ധി എവിടേയെങ്കിലും അലഞ്ഞ് കൊണ്ടിരിക്കും. അവർക്ക് പിന്നെ എന്ത് ലഭിക്കാനാണ്? നിങ്ങൾ സ്നേഹിച്ചാൽ സ്നേഹം ലഭിക്കും എന്ന് പറയാറുണ്ട്. ബുദ്ധി വെളിയിൽ അലയുകയാണെങ്കിൽ ബാറ്ററി ചാർജാകില്ല. ബാബ ബാറ്ററി ചാർജാക്കുന്നതിന് വേണ്ടി വന്നിരിക്കുന്നു, സേവനം ചെയ്യുക എന്നത് ബാബയുടെ കടമയാണ്. കുട്ടികൾ സേവനം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് (അവരുടെ) ആത്മാവിനറിയാം. ഏതവസ്ഥയിൽ ഇരിക്കുന്നു, ഈ കാര്യങ്ങളെല്ലാം ബാബ മനസിലാക്കി തരുന്നു. ഞാനും പരമമായ ആത്മാവാണ്. ഞാനാകുന്ന ബാറ്ററിയോടൊപ്പമിരുന്ന് യോഗം ചെയ്യുന്നു. ഞാനും സാകാശ് നൽകുന്നു. വളരെ സ്നേഹത്തോടെ ഓരോരുത്തർക്കും സാകാശ് നൽകുന്നു. നിങ്ങൾ ബാബയേ ഓർമ്മിക്കാൻ ഇരിക്കുന്നു. ബാബ പറയുന്നു ഞാൻ ഓരോരോ ആത്മാക്കൾക്കും സാകാശ്

നൽകുന്നു. സമീപമിരുന്ന് ലൈറ്റ് നൽകുന്നു. നിങ്ങളിങ്ങനെ ചെയ്യില്ല. ആരാണോ പിടിച്ചെടുക്കുന്നവർ അവർ പിടിക്കും അവരുടെ ബാറ്ററി ചാർജ് ആകുകയും ചെയ്യും. ബാബ ദിനം പ്രതിദിനം യുക്തികൾ പറഞ്ഞ് കൊണ്ടിരിക്കുന്നു. ബാക്കി മനസിലാക്കിയോ, മനസിലാക്കിയില്ലയോ, ഇത് നമ്പർക്രമമനുസരിച്ചുള്ള വിദ്യാർത്ഥികളുടെ ആധാരത്തിലാണ്. നിങ്ങൾക്ക് വളരെ പുതുപുത്തനായ ആഹാരം ലഭിച്ച് കൊണ്ടിരിക്കുന്നു. ദഹിപ്പിച്ചോളൂ. വലിയ ലോട്ടറിയാണ്. ജന്മ ജന്മാന്തരം, കൽപ്പ കൽപ്പാന്തരത്തിന്റെ ലോട്ടറിയാണ്. ഇതിൽ മുഴുവൻ ശ്രദ്ധയും നൽകണം. ബാബയിൽ നിന്ന് നമ്മൾ കറന്റ് എടുത്ത് കൊണ്ടിരിക്കുന്നു. ബാബയുടെ ഭൃകുടി മദ്ധ്യത്തിൽ ഇരിക്കുന്നു, അടുത്തുതന്നെ. നിങ്ങളും സ്വയം ആത്മാവെന്ന് മനസിലാക്കി ബാബയെ ഓർമ്മിക്കണം, ബ്രഹ്മാവിനെയല്ല. നമ്മൾ ബാബയുമായി യോഗം ചെയ്താണ് ഇരിക്കുന്നത്, ഇദ്ദേഹത്തേ കണ്ടും ബാബയേയാണ് കാണുന്നത്. ആത്മാവിൽ തന്നെയാണല്ലോ കാര്യം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ആത്മാവിനെ സ്വച്ഛമാക്കുന്നതിന് വേണ്ടി അതിരാവിലെ ബാബയിൽ നിന്ന് സർച്ച് ലൈറ്റെടുക്കണം, ബുദ്ധിയോഗം പുറമെ നിന്ന് മാറ്റി ബാബയിൽ വെക്കണം. ബാബയുടെ കറന്റിനെ പിടിച്ചെടുക്കണം.

2) പരസ്പരം സഹോദരർ എന്ന സത്യമായ സ്നേഹത്തിൽ കഴിയണം. എല്ലാവർക്കും ബഹുമാനം നൽകണം. ആത്മാവായ സഹോദരൻ അകാല സിംഹാസനത്തിൽ പ്രകാശിക്കുന്നു, അതിനാൽ ഭൃകുടിയിൽ തന്നെ നോക്കി സംസാരിക്കണം.

## വരദാനം:- തന്റെ സമ്പർക്കത്തിലൂടെ അനേക ആത്മാക്കളുടെ ചിന്തകളെ ഇല്ലാതാക്കുന്ന സർവ്വരുടെയും പ്രിയരായി ഭവിക്കൂ

വർത്തമാന സമയം വ്യക്തികളിൽ സ്വാർത്ഥ ഭാവം ഉള്ളത് കാരണം അതുപോലെ വൈഭവങ്ങളിലൂടെ അൽപകാല പ്രാപ്തി ഉള്ളതു കാരണം ആത്മാക്കൾ ഏതെങ്കിലുമെല്ലാം ചിന്തയാൽ പരവശരാണ്. താങ്കൾ ശുഭ ചിന്തക ആത്മാക്കളുടെ അൽപ സമയത്തെ സമ്പർക്കം പോലും ആ ആത്മാക്കളുടെ ചിന്തകളെ ഇല്ലാതാക്കുന്നതിന്റെ ആധാരമായി തീരുന്നു. ഇന്ന് വിശ്വത്തിന് താങ്കളെ പോലെയുള്ള ശുഭചിന്തക ആത്മാക്കളുടെ ആവശ്യകതയുണ്ട് അതുകൊണ്ട് താങ്കൾ വിശ്വത്തിന് അതിപ്രിയരാണ്.

## സ്ലോഗൻ:- താങ്കൾ വജ്ര തുല്യ ആത്മാക്കളുടെ വാക്കും രത്ന സമാനം മൂല്യമുള്ളതായിരിക്കണം.